സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 146 2024 സെപ്തംബർ 23 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഗൂഢാലോചന കേസുകൾ സിപിഎമ്മിന് പുത്തരിയല്ല: പി ജയരാജൻ

കണ്ണൂർ: ഗൂഢാലോചന കേസുകൾ സി.പി.എമ്മിന് പുത്തരിയല്ലെന്ന് സി.പി.എം. നേതാവ് പി. ജയരാജൻ. ഇത് കാണിച്ച ഭയപ്പെടുത്താമെന്ന ധാരണ വേണ്ട. ഇത്തരം പ്രവണതകളെ ജനങ്ങളെ അണിനിരത്തി ചെറുത്തുതോൽപ്പിക്കും. മാധ്യമങ്ങളെ ഉപയോഗിച്ച് കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾക്കെതിരെ അപവാദങ്ങൾ പ്രചരിപ്പിച്ച് പാർട്ടിയെ തകർക്കാനുള്ള നീക്കം നടന്നുകൊണ്ടിരിക്കുകയാണെന്നും വിമർശനം. അരിയിൽ അബ്ദുൾ ഷുക്കൂർ വധക്കേസിൽ ഗൂഢാലോചനക്കുറ്റം നിലനിൽക്കുമെന്ന് സി.ബി.ഐ. പ്രത്യേക കോടതി പ്രസ്താവിച്ചതിന് പിന്നാലെയാണ് ജയരാജന്റെ മുന്നറിയിപ്പ്. പി. ജയരാജനും ടി.വി. രാജേഷും കേസിൽ വിചാരണനേരിടണമെന്ന് കോടതി വെള്ളിയാഴ്ച വിധിച്ചിരുന്നു.

'കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ കാണുന്നത് കുറ്റകരം'; സുപ്രധാന വിധിയുമായി സുപ്രീംകോടതി

ന്യൂഡൽഹി: കുട്ടികളുടെ അശ്ലീല ദൃശ്യങ്ങളും ചിത്രങ്ങളും ഡൗൺലോഡ് ചെയ്ത് കാണുന്നതും സൂക്ഷിക്കുന്നതും പോക്സോ നിയമപ്രകാരം കുറ്റകരമാണെന്ന് സുപ്രീംകോടതി. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അദ്ധ്യക്ഷനായ ബെഞ്ചാണ് വിധി പറഞ്ഞത്. കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ കാണുന്നത് കുറ്റകരമല്ലെന്ന മദ്രാസ് ഹൈക്കോടതി ഉത്തരവ് റദ്ദാക്കിയാണ് വിധി പറഞ്ഞിരിക്കുന്നത്. വിധി പുറപ്പെടുവിക്കുന്നതിൽ ഹൈക്കോടതി ഗുരുതര പിഴവ് വരുത്തിയതായി സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ എന്ന് പറയുന്നത് മാറ്റണമെന്നും പകരം ലൈംഗിക ചൂഷണം ചെയ്യുന്നതും ദുരുപയോഗം ചെയ്യുന്നതുമായ വസ്തുക്കൾ എന്നാക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചു. ഇതിനായി ഓർഡിനൻസ് പുറപ്പെടുവിക്കാൻ പാർലമെന്റിനോട് കോടതി ആവശ്യപ്പെട്ടു.

കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ ഡൗൺലോഡ് ചെയ്യുന്നതും സ്വകാര്യമായി കാണുന്നതും പോക്സോ ആക്ടിന് കീഴിലുള്ള കുറ്റകൃത്യമായി കാണാനാവില്ലെന്നായിരുന്നു മദ്രാസ് ഹൈക്കോടതി ഉത്തരവ്. ഇതിനെതിരെ ജസ്റ്റിസ് ഫോർ ചിൽഡ്രൻ അലയൻസാണ് സുപ്രീംകോടതിയെ സമീപിച്ചത്.

കുട്ടികൾ ഉൾപ്പെടുന്ന ഇത്തരം വീഡിയോ ആകസ്മികമായി ഡൗൺലോഡ് ചെയ്യുന്നത് കുറ്റകരമല്ലെന്നായിരുന്നു ഹൈക്കോടതി ഉത്തരവിട്ടത്. ഇൻഫർമേഷൻ ടെക്നോളജി നിയമപ്രകാരം ഇത്തരത്തിൽ ഡൗൺലോഡ് ചെയ്യുന്നത് കുറ്റകരമായി വ്യാഖ്യാനിക്കാൻ കഴിയില്ല. പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ് പരിഗണിക്കുമ്പോഴായിരുന്നു കോടതിയുടെ പരാമർശം. പോക്സോ നിയമം സെക്ഷൻ 15(2), ഐ.ടി ആക്ട് സെക്ഷൻ 67 ബി (ബി) എന്നിവ പ്രകാരമുള്ള കുറ്റമാണ് ഹർജിക്കാരനെതിരെ ആരോപിക്കപ്പെട്ടത്.

ടെലിഗ്രാമിൽ നിന്ന് ഇത്തരം അശ്ലീല ചിത്രങ്ങൾ ഡൗൺലോഡ് ചെയ്ത് സൂക്ഷിച്ചുവച്ചു എന്നായിരുന്നു ഹർജിക്കാരനെതിരെയുള്ള ആരോപണം. ഇത്തരം അശ്ലീല ദൃശ്യങ്ങൾ സ്വന്തമായി സൂക്ഷിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത് കുറ്റകരമല്ലെന്ന് മദ്രാസ് ഹൈകോടതി നിരീക്ഷിച്ചു. കേസിൽ കുറ്റാരോപിതനായ ഹർജിക്കാരനെ കോടതി വെറുതേ വിട്ടിരുന്നു. ഇതിനെതിരെയാണ് ഇപ്പോൾ സുപ്രീംകോടതി വിധി പറഞ്ഞിരിക്കുന്നത്.

വേണാട് എക്സ്പ്രസിൽ ദുരിതയാത്ര, 2പേർ കുഴഞ്ഞുവീണു

തിരു : കാലുകുത്താൻ പോലും ഇടമില്ലാതെ തിങ്ങി നിറഞ്ഞ് വേണാട് എക്സ്പ്രസിൽ ദുരിത യാത്ര. തിരക്ക് കാരണം രണ്ട് യാത്രക്കാർ കുഴഞ്ഞുവീണു. ജനറൽ കംപാർട്ട്മെന്റിൽ നിന്ന സ്ത്രീകളാണ് കുഴഞ്ഞുവീണത്. പിറവം റോഡ് കഴിഞ്ഞപ്പോഴാണ് സ്ത്രീകൾ വീണതെന്ന് മറ്റ് യാത്രക്കാർ പറയുന്നു.

ഒരിഞ്ച് പോലും സ്ഥലമില്ലാതെ യാത്രക്കാർ തിങ്ങിനിറഞ്ഞുള്ള വേണാട് എക്സ്പ്രസിലെ കോച്ചിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. സമയക്രമം മാറ്റിയതും ആവശ്യത്തിന് ട്രെയിനുകൾ ഇല്ലാത്തതുമാണ് ഇതിന് കാരണമെന്ന് യാത്രക്കാർ ആരോപിക്കുന്നു. വേണാട് എക്സ്പ്രസിലെ അവസാന ആറ് കംപാർട്ടുമെന്റുകളിൽ ആളുകൾക്ക് കയറാൻ പോലുമാകാത്ത തിരക്കാണ്.

തിരക്കിനിടയിൽ പലർക്കും പരിക്ക് പറ്റുന്നുണ്ട്. ഈ ദുരിതയാത്രയ്ക്കെതിരെ മുൻപും യാത്രക്കാർ പ്രതിഷേധം നടത്തിയിരുന്നു. വന്ദേ ഭാരതിനായി വേണാട് എക്സ്പ്രസ് പിടിച്ചിടുന്നതും ദുരിതം ഇരട്ടിയാക്കി.വേണാട് എക്സ്പ്രസിലെ ദുരിതയാത്രയെക്കുറിച്ച് പലതവണ പരാതി പറഞ്ഞിട്ടും റെയിൽവേ ഇടപെടുന്നില്ലെന്നാണ് യാത്രക്കാരുടെ ആരോപണം.

ഷിരൂരിലെ തിരച്ചിൽ; ലോറിയുടെ ബമ്പർ കണ്ടെത്തി; അർജുൻ ഓടിച്ച ലോറിയുടേതെന്ന് ഉടമ മനാഫ്

അങ്കോല: കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് കണ്ണാടിക്കൽ സ്വദേശി അർജുന് വേണ്ടിയുള്ള തിരച്ചിലിനിടെ ലോറിയുടെ ബമ്പർ കിട്ടിയതായി റിപ്പോർട്ട്. ഇപ്പോൾ ലഭിച്ചിരിക്കുന്നത് അർജുന്റെ ലോറിയുടെ ബമ്പർ തന്നെയാണെന്ന് ലോറി ഉടമ മനാഫ് സ്ഥിരീകരിച്ചു.

നാവികസേന അടയാളപ്പെടുത്തിയ സ്ഥലത്ത് നടത്തിയ തിരച്ചിലിനിടെയാണ് ബമ്പർ ലഭിച്ചിരിക്കുന്നത്. ബമ്പറിന് പുറമെ ഒരു ബാഗും കിട്ടിയിരുന്നു. എന്നാൽ, ബാഗ് അർജുന്റേതല്ലെന്നാണ് കുടുംബാംഗങ്ങൾ പറയുന്നത്.

ഓഗസ്റ്റ് 17-നാണ് മണ്ണ് നീക്കാൻ കഴിയാത്തതിനാൽ അർജുനുവേണ്ടിയുള്ള തിരച്ചിൽ അവസാനിപ്പിച്ചത്. പിന്നീട് ദിവസങ്ങളോളം അനിശ്ചിതാവസ്ഥയിലായിരുന്നു. ഡ്രഡ്ജർ കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നെങ്കിലും ഒരുകോടി രൂപ ചെലവ് വരുന്നതിനാൽ ആര് പണം മുടക്കും എന്നതായിരുന്നു പ്രശ്നം.

പിന്നീട്, കുടുംബം കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയെ കണ്ടതോടെയാണ് തിരച്ചിൽ പുനരാരംഭിക്കാൻ തീരുമാനമായത്. ഡ്രഡ്ജറിന്റെ വാടക ഒരുകോടി രൂപ കർണാടക സർക്കാർ വഹിക്കും.

കെ. മുരളീധരന്റെ തോൽവിക്ക് കാരണം പൂരം വിവാദമല്ലെന്ന് കെ പി സി സി ഉപസമിതി റിപ്പോർട്ട്

തൃശ്ശൂർ: തൃശ്ശൂരിലെ കോൺഗ്രസ് സ്ഥാനാർഥി കെ. മുരളീധരന്റെ തോൽവിക്ക് കാരണം പൂരം വിവാദമല്ലെന്ന് കെ.പി.സി.സി. ഉപസമിതി റിപ്പോർട്ട്. ലോക്സഭാ തോൽവിയെക്കുറിച്ച് പഠിക്കാൻ കെ.പി.സി.സി നിയോഗിച്ച ഉപസമിതിയുടേതാണ് റിപ്പോർട്ട്. പൂരം വിവാദത്തിന് പിന്നിൽ സി.പി.എം - ബി.ജെ.പി. അന്തർധാരയെന്നും റിപ്പോർട്ട്. കെ.സി. ജോസഫ്, ടി. സിദ്ദിഖ്, ആർ. ചന്ദ്രശേഖരൻ എന്നിവരടങ്ങിയ സമിതിയുടേതാണ് റിപ്പോർട്ട്.

അതിനിടെ, കോൺഗ്രസ് ഉപസമിതി റിപ്പോർട്ടിനെ ബി.ജെ.പി സ്വാഗതം ചെയ്യുന്നുവെന്ന് ബി.ജെ.പി. നേതാവ് ബി. ഗോപാലകൃഷ്ണൻ പറഞ്ഞു. എന്നാൽ, വി.ഡി. സതീശൻ ഇത് അംഗീകരിക്കുമോ എന്ന് അറിയില്ല. ഈ റിപ്പോർട്ട് അംഗീകരിക്കുന്നെങ്കിൽ പൂരം കലക്കിയിട്ടാണ് സുരേഷ് ഗോപി ജയിച്ചതെന്ന സതീശന്റെ പ്രസ്താവന അദ്ദേഹം പിൻവലിച്ച് മാപ്പ് പറയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

അതേസമയം, തൃശ്ശൂർ പൂരം അലങ്കോലമായ സംഭവത്തിൽ ഗൂഢാലോചനയോ അട്ടിമറിയോ നടന്നിട്ടില്ലെന്നാണ് എ.ഡി.ജി.പി.എം.ആർ. അജിത് കുമാറിന്റെ റിപ്പോർട്ടിൽ പറയുന്നത്. പൂരം ഏകോപനത്തിൽ അന്നത്തെ കമ്മിഷണർ അങ്കിത് അശോകന് വീഴ്ച പറ്റിയെന്നും റിപ്പോർട്ടിലുണ്ട്.

വയനാട്ടിലെ ടൂറിസം പുനരുജ്ജീവിപ്പിക്കാൻ സഹായിക്കണം; അഭ്യർഥനയുമായി രാഹുൽ ഗാന്ധി



ന്യൂഡൽഹി: വയനാട്ടിലെ ടൂറിസം പുനരുജ്ജീവിപ്പിക്കാൻ ജനങ്ങളോട് അഭ്യർഥിച്ച് ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. വയനാട് സന്ദർശിച്ച് വയനാടിന്റെ സൗന്ദര്യം അനുഭവിക്കാനും ടൂറിസം പുനരുജ്ജീവിപ്പിക്കാനും ഉപജീവനമാർഗം പുനർനിർമിക്കാനും സഹായിക്കണമെന്നാണ് രാഹുൽ ഗാന്ധി അഭ്യർഥിച്ചത്.

ഉരുൾപൊട്ടൽ ദുരന്തം വയനാട്ടിലെ മുണ്ടക്കൈ പ്രദേശത്തെമാത്രമാണ് ബാധിച്ചതെങ്കിലും വയനാടിനെയാകെ ബാധിച്ചെന്ന തെറ്റിദ്ധാരണയ്ക്ക് കാരണമായെന്നും ഇത് വയനാട്ടിലേക്കുള്ള വിനോദസഞ്ചാരത്തിൽ വലിയ ഇടിവിന് കാരണമായെന്നും രാഹുൽ ഗാന്ധി പറഞ്ഞു. ടൂറിസത്തെ ഉപജീവനത്തിനായി ആശ്രയിക്കുന്ന ഒട്ടേറെയാളുകൾ വയനാട്ടിലുണ്ട്.

വയനാട്ടിലെ ടൂറിസം പുനരുജ്ജീവിപ്പിക്കാൻ കൂട്ടായ ശ്രമങ്ങൾ നടത്തേണ്ടത് അനിവാര്യമാണെന്നും വയനാട് സന്ദർശിക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്നും രാഹുൽ ഗാന്ധി പറഞ്ഞു. കേരളത്തിലെ കോൺഗ്രസ് നേതാക്കളുമായും കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധിയുമായും നടത്തിയ വെർച്വൽ മീറ്റിങ്ങിലാണ് രാഹുൽ ഗാന്ധി ഇക്കാര്യം പറഞ്ഞത്.

'ലാഭംകൊയ്യുന്ന ഡ്രാക്കുള കമ്പനികളുടെ സംരക്ഷക'; കേന്ദ്ര ധനമന്ത്രിക്കെതിരെ മന്ത്രി മുഹമ്മദ് റിയാസ്

കൊച്ചി: അമിതജോലി സമ്മർദം മൂലം യുവതി മരിച്ച സംഭവവുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രി നിർമല സീതാരാമൻ നടത്തിയ പ്രസ്താവനക്കെതിരേ മന്ത്രി മുഹമ്മദ് റിയാസ്. സാമ്പത്തികലാഭം കൊയ്യുന്ന ഡ്രാക്കുളകളായി ഏണസ്റ്റ് ആൻഡ് യങ് ഇന്ത്യ (ഇ.വൈ) പോലുള്ള ഐ.ടി കമ്പനികൾ മാറി. നിർമല സീതാരാമന്റെ പ്രസ്താവന ഈ ഡ്രാക്കുള കമ്പനികളുടെ സംരക്ഷകയായി മാറുന്നതിന് തുല്യമാണെന്നും മുഹമ്മദ് റിയാസ് പറഞ്ഞു. മരിച്ച അന്ന സെബാസ്റ്റ്യന്റെ വീട് സന്ദർശിച്ചതിന് ശേഷമാണ് മന്ത്രിയുടെ പ്രതികരണം.

അടിമത്തത്തിന്റെ കാലത്ത് ആളുകളെ തൊഴിൽ ചെയ്യുന്നതിനേക്കാൾ ഭയാനകമാകുന്ന നിലയിലേക്ക് തൊഴിൽ ചെയ്യിക്കുകയാണ്. ചൂഷണം ചെയ്യുകയാണ്. സാമ്പത്തികലാഭം കൊയ്യുന്ന ഡ്രാക്കുളകളായി ഇത്തരം ഐ.ടി കമ്പനികൾ മാറിയിരിക്കുകയാണ്. ആ ഡ്രാക്കുളകളെ നിയന്ത്രിക്കേണ്ട ഉത്തരവാദിത്തമുള്ള ധനകാര്യ മന്ത്രി നിർമല സീതാരാമന്റെ പ്രസ്താവന ഡ്രാക്കുളയുടെ സംരക്ഷകയായി മാറുന്നതിന് തുല്യമാണ്-മന്ത്രി പറഞ്ഞു

ജോലി സമ്മർദ്ദങ്ങളെ എങ്ങനെ നേരിടണമെന്ന് കുട്ടികൾക്ക് വീട്ടിൽ നിന്ന് പഠിപ്പിച്ചുകൊടുക്കണമെന്നും ദൈവത്തെ ആശ്രയിച്ചാൽ ഇത്തരം സമ്മർദ്ദങ്ങൾ നേരിടാൻ കഴിയുമെന്നുമാണ് കേന്ദ്രമന്ത്രിയുടെ പരാമർശം. അതേസമയം ഈ പ്രസ്താവന കുടുംബം തള്ളി. ഓരോരുത്തരും അവരവരുടെ യുക്തിക്കനുസരിച്ച് ഓരോ പ്രസ്താവനകൾ പറയുകയാണ്. ഇത് അംഗീകരിക്കുന്ന ചിലരുണ്ടാകും. എന്നാൽ മകളെ ചെറുപ്പംമുതൽ തന്നെ അത്മവിശ്വാസം കൊടുത്ത് തന്നെയാണ് വളർത്തിയതെന്ന് അന്നയുടെ പിതാവ് പറഞ്ഞു.

പുണെ ഇ.വൈ. ടെക്നോളജീസിൽ ഉദ്യോഗസ്ഥയായിരുന്ന കങ്ങരപ്പടി സ്വദേശിനി അന്ന സെബാസ്റ്റ്യൻ ജൂലായ് 20-നാണ് താമസസ്ഥലത്ത് കുഴഞ്ഞുവീണ് മരിച്ചത്. ജോലി സമ്മർദത്തെ തുടർന്നാണ് മകൾ മരിച്ചതെന്നു ചൂണ്ടിക്കാട്ടി അന്നയുടെ മാതാവ് അനിത ഇ.വൈ. ടെക്നോളജീസിന് എഴുതിയ കത്ത് പുറത്തു വന്നതിനെത്തുടർന്നാണ് സംഭവം വിവാദമായത്.

വിദ്യാർഥിയുടെ ആത്മഹത്യ; കോട്ടയം എസ്.എം.ഇ കോളേജിൽ പ്രതിഷേധം

കോട്ടയം: വിദ്യാർഥിയുടെ ആത്മഹത്യയിൽ കോട്ടയം എസ്.എം.ഇ കോളേജിൽ പ്രതിഷേധം. വിദ്യാർഥി ജീവനൊടുക്കിയത് അധ്യാപകരുടെ പീഡനം മൂലമാണെന്നാരോപിച്ചാണ് പ്രതിഷേധം. വിദ്യാർഥികളും രക്ഷിതാക്കളുമാണ് പ്രതിഷേധിക്കുന്നത്. ഉത്തരവാദികളായ അധ്യാപകർക്കെതിരേ നടപടി വേണമെന്നാണ് ഇവരുടെ ആവശ്യം.

രണ്ടാഴ്ച മുമ്പാണ് ഒന്നാം വർഷ എം.എൽ.ടി വിദ്യാർഥി അജാസ് ഖാൻ പുഴയിൽ ചാടി ജീവനൊടുക്കിയത്. ഇന്റേണൽ പരീക്ഷയിൽ തോറ്റതിനു പിന്നാലെയാണ് അജാസ് ആത്മഹത്യ ചെയ്തത്. ഇത് അധ്യാപകരുടെ പീഡനം മൂലമാണെന്നാണ് പ്രതിഷേധക്കാർ ആരോപിക്കുന്നത്. അതേസമയം ആരോപണങ്ങൾ കോളേജ് അധികൃതർ നിഷേധിച്ചു.

മുഖ്യമന്ത്രിക്കസേര ഒഴിച്ചിട്ടു, ഇരുന്നത് മറ്റൊരു കസേരയിൽ; സ്ഥാനമേറ്റതിന് പിന്നാലെ ബിജെപിക്കെതിരെ ആഞ്ഞടിച്ച് അതിഷി

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രിയായി അതിഷി മർലേന ചുമതലയേറ്റു. ചുമതലയേറ്റ ശേഷം മുഖ്യമന്ത്രിയുടെ കസേര ഒഴിച്ചിട്ട അതിഷി മറ്റൊരു കസേരയിലാണ് ഇരുന്നത്. മുഖ്യമന്ത്രി സ്ഥാനത്തേക്ക് അരവിന്ദ് കേജ്രിവാൾ തിരിച്ചെത്താനായി കസേര ഒഴിച്ചിടുന്നുവെന്നാണ് ഇതേക്കുറിച്ച് അവർ പ്രതികരിച്ചത്.

സത്യപ്രതിജ്ഞയ്ക്ക് പിന്നാലെ ബിജെപിക്കെതിരെ രൂക്ഷ വിമർശനമാണ് അതിഷി ഉയർത്തിയത്. ബിജെപിയും ഗവർണറും ഡൽഹിയുടെ വികസനം തടയുകയാണെന്ന് അവർ ആരോപിച്ചു. എന്നാൽ, തടസപ്പെട്ട വികസന പ്രവർത്തനങ്ങളെല്ലാം ഉടനടി പുനരാരംഭിക്കുമെന്ന് ഡൽഹിയിലെ ജനങ്ങൾക്ക് താൻ ഉറപ്പ് നൽകുന്നുവെന്നും അതിഷി വ്യക്തമാക്കി.

ബിജെപിയും ഗവർണർ സക്സേനയും ഡൽഹിയിലെ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആശുപത്രിയിലേയ്ക്ക് മരുന്നുകൾ എത്തിക്കുന്നതും തടഞ്ഞു. മാത്രമല്ല, മൊഹല്ല ക്ലിനിക്കിലെ പരിശോധനകളും ഡൽഹി മാലിന്യ ശേഖരണവുമെല്ലാം തടസപ്പെടുത്തി. ഇപ്പോൾ കേജ്രിവാൾ ജയിലിലല്ല എന്ന് ബിജെപിയെ ഓർമപ്പെടുത്തിയ അതിഷി മുടങ്ങിക്കിടന്ന എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കുമെന്നും ജനങ്ങൾക്ക് ഉറപ്പ് നൽകി.

പണംനൽകാതെ ബെവ്കോയിൽനിന്ന് മദ്യക്കുപ്പിയുമായി ഇറങ്ങിയോടി; പോലീസുകാരൻ പിടിയിൽ

കൊച്ചി: ബെവ്കോ ഔട്ട്ലെറ്റിൽനിന്ന് പണം നൽകാതെ മദ്യക്കുപ്പിയുമായി കടക്കാൻ ശ്രമിച്ച പോലീസുകാരൻ പിടിയിൽ. കളമശ്ശേരി എ.ആർ. ക്യാമ്പിലെ പോലീസ് ഡ്രൈവർ കെ.കെ. ഗോപിയാണ് പോലീസ് പിടിയിലായത്. ഗോപി മദ്യവുമായി കടക്കാൻ ശ്രമിക്കുന്ന സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

പട്ടിമറ്റം ബെവ്കോ ഔട്ട്ലെറ്റിൽ ഞായറാഴ്ച രാവിലെയാണ് സംഭവം. മദ്യം വാങ്ങിയ ശേഷം ഗോപിയും ജീവനക്കാരുമായി വാക്കുതർക്കമുണ്ടായി. വനിതാ ജീവനക്കാരിയെ അസഭ്യം പറഞ്ഞതായും പരാതിയുണ്ട്. തർക്കത്തിനിടെ ഇയാൾ പണം നൽകാതെ മദ്യക്കുപ്പിയുമായി കടക്കാൻ ശ്രമിച്ചു. ഇതിനിടെ ബെവ്കോ ഔട്ട്ലെറ്റിന്റെ വാതിലും തകർത്തു. വനിതാ ജീനവക്കാർ ഉൾപ്പെടെ ചേർന്ന് ബലംപ്രയോഗിച്ച് ഗോപിയെ തടഞ്ഞുവെക്കുകയായിരുന്നു.

സംഭവത്തിൽ ബെവ്കോ ജീവനക്കാരുടെ പരാതിയിൽ കുന്നത്തുനാട് പോലീസ് കേസെടുത്തു. ഗോപിയെ വീട്ടിലെത്തി കസ്റ്റഡിയിലെടുക്കുകയും ചെയ്തു. ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയെന്നും ഇന്ന് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുമെന്നും പോലീസ് അറിയിച്ചു. പൊതുമുതൽ നശിപ്പിക്കൽ, സ്ത്രീത്വത്തെ അപമാനിക്കൽ ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രതിയ്ക്കെതിരേ ചുമത്തിയിട്ടുണ്ട്.

ശക്തമായ മഴക്ക് സാധ്യത

തിരു: സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. 7 ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട്. ന്യൂനമർദ്ദം രൂപപ്പെടാൻ സാധ്യത. ശക്തമായ കാറ്റിനും സാധ്യത. ജാഗ്രത പാലിക്കാൻ നിർദ്ദേശം

യുവതിയെ കൊന്ന് കഷ്ണങ്ങളാക്കി ഫ്രിഡ്ജിൽ വച്ച സംഭവം; സുഹൃത്തായ ബാർബർ ഷോപ്പ് ജീവനക്കാരൻ കസ്റ്റഡിയിൽ

ബംഗളൂരു: അപ്പാർട്ട്മെന്റിലെ ഫ്രിഡ്ജിൽ നിന്നും യുവതിയുടെ മൃതദേഹം ലഭിച്ച സംഭവം അന്വേഷിക്കാൻ നാല് പ്രത്യേക സംഘങ്ങളെ നിയോഗിച്ചു. കഴിഞ്ഞ ദിവസമാണ് മാളിലെ ജീവനക്കാരിയായ നെലമംഗല സ്വദേശി മഹാലക്ഷ്മിയുടെ (29) ശരീരഭാഗങ്ങൾ മുന്നേശ്വര ബ്ലോക്കിലെ അപ്പാർട്ട്മെന്റിൽ നിന്നും കണ്ടെത്തിയത്. ഭർത്താവിനെയും മകളെയും ഉപേക്ഷിച്ച് കുറച്ചുനാളായി ഇവർ ഒറ്റയ്ക്കാണ് താമസം.

അപ്പാർട്ട്മെന്റിൽ നിന്നും ദുർഗന്ധം വമിക്കാൻ തുടങ്ങിയതോടെ അയൽക്കാർ മഹാലക്ഷ്മിയുടെ ബന്ധുക്കളെ വിവരമറിയിച്ചു. തുടർന്ന് ഇവരെത്തി പരിശോധിച്ചപ്പോഴാണ് ഫ്രിഡ്ജിൽ നിന്നും ശരീരഭാഗങ്ങൾ ലഭിച്ചത്. സമീപത്തുള്ള സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചാണ് അന്വേഷണം നടത്തുന്നത്.

മഹാലക്ഷ്മിയുമായി അടുത്ത ബന്ധമുള്ള എല്ലാവരെയും പൊലീസ് ചോദ്യം ചെയ്യുന്നുണ്ട്. പശ്ചിമ ബംഗാൾ സ്വദേശിയും ബാർബർ ഷോപ്പ് ജീവനക്കാരനുമായ ഇവരുടെ സുഹൃത്തിനെ പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇയാൾ ഇടയ്ക്കിടെ മഹാലക്ഷ്മിയെ കാണാൻ അപ്പാർട്ട്മെന്റിൽ എത്താറുണ്ടെന്ന് സമീപത്ത് താമസിക്കുന്നവർ മൊഴി നൽകിയിരുന്നു.

50 കഷ്ണങ്ങളാക്കി മുറിച്ച നിലയിലാണ് മൃതദേഹം ഫ്രിഡ്ജിൽ നിന്നും ലഭിച്ചത്. പോസ്റ്റ്മോർട്ടത്തിന് ശേഷം ഇന്നലെ ഉച്ചയോടെ മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. മറ്റെവിടെയെങ്കിലും വച്ച് കൊലപാതകം നടത്തിയ ശേഷം മൃതദേഹം അപ്പാർട്ട്മെന്റിലേക്ക് എത്തിച്ചതാകാമെന്നാണ് പൊലീസ് പറയുന്നത്. അവിടെയെങ്ങും കൊലപാതകം നടന്നതിന്റെ രക്തക്കറയോ തെളിവ് നശിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നതായോ കണ്ടെത്താൻ സാധിച്ചില്ല. മഹാലക്ഷ്മിയുടെ കിടക്കയ്ക്ക് സമീപം ഒരു സ്യൂട്ട്കേസ് ഉണ്ടായിരുന്നു. വിശദമായ വിവരങ്ങൾ കസ്റ്റഡിയിലെടുത്തയാളെ ചോദ്യം ചെയ്ത ശേഷമേ പറയാൻ സാധിക്കൂ എന്നും പൊലീസ് വ്യക്തമാക്കി.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

IA: /2024, FD IA: 13/2024, OS: 493/2019

മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ്, തൊറവ് ദേശത്ത് പറപ്പുള്ളി വീട്ടിൽ പൈലോത് മകൻ 52 വയസ് ജോഷി
- ഹരജിക്കാരൻ

ആലുവ താലൂക്ക് കീഴ്മാട് വില്ലേജ്, കീഴ്മാട് ദേശത്ത് പി ഒ എരുമത്തല, ആലുവ, പള്ളിപറമ്പിൽ വീട്ടിൽ ചാക്കോച്ചൻ ഭാര്യ 67 വയസ് ലിസി ഫ്രാൻസിസ്
-3-ാം എതൃകക്ഷി

മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ്, തൊറവ് ദേശത്ത് പറപ്പുള്ളി വീട്ടിൽ പൈലോത് മകൻ 62 വയസ് വർഗ്ഗീസ്
-5-ാം എതൃകക്ഷി

നിങ്ങൾ എതൃകക്ഷികളായിട്ടുള്ള മേൽ നമ്പർ കേസ് കാര്യം **28-09-2024** തിയ്യതിയിലേക്ക് വിചാരണക്കായി വെച്ചിരിക്കുന്നു. മേൽ നമ്പർ ഹരജി കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കേറ്റ് മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം ഹരജി സംഗതിയിലാവശ്യപ്പെട്ടിട്ടുള്ള പ്രകാരം അനുവദിച്ചുകൊണ്ട് മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാകുന്നു എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 23-9-2024
ഹരജിക്കാരൻ **ജോഷി** (ഒപ്പ്)
ഹരജിക്കാർ ഭാഗം അഡ്വക്കേറ്റ്
ജോബി എ പുളിക്കൻ (ഒപ്പ്)

S S L C ബുക്ക് നഷ്ടപ്പെട്ടു

1973ലെ 16788 അഡ്മിഷൻ നമ്പറിലുള്ള (LPSGHS ഇരിങ്ങാലക്കുട) എന്റെ SSLC Book വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസൃതമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപം ഉള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സംയുക്ത പാസ്സിംഗ് പരേഡ് വിയ്യൂർ ഫയർ & റെസ്ക്യൂ സർവീസസ് അക്കാദമിയിൽ നടന്നു

തൃശൂർ: ഫയർ & റെസ്ക്യൂ സർവീസസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ, 37-ത് ബാച്ചിലെ 277 ഫയർ ആന്റ് റെസ്ക്യൂ ഓഫീസർമാർ, 38-ാമത് ബാച്ചിലെ 18 ഫയർ ആന്റ് റെസ്ക്യൂഓഫീസർമാർ, 31-ാമത് ബാച്ചിലെ 20 ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) മാർ എന്നിവർ അടങ്ങുന്ന 315 പരിശീലനാർത്ഥികളുടെ സംയുക്ത പാസ്സിംഗ് പരേഡ് വിയ്യൂർ ഫയര് & റെസ്ക്യൂ സർവീസസ് അക്കാദമിയിൽ നടന്നു.

വർണ്ണശബളമായ പാസ്സിംഗ് ഔട്ട് ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവർകൾ, സേനാംഗങ്ങളുടെ ചിട്ടയായ പരിശീലനത്തിലൂടെയും കഠിനാധ്വാനത്തിലൂടെയും നേടിയെടുത്ത ആത്മാർപ്പണത്തിന്റെയും ഔദ്യോഗിക കടന്നുവരവിന്റേയും സൂചകമായ സല്യൂട്ട് സ്വീകരിച്ചു .

ഫയർ ഫൈറ്റിംഗ്, വാട്ടർ റെസ്ക്യൂ, മൗണ്ടെയ്ൻ റെസ്ക്യൂ ഉൾപ്പെടെ വിദഗ്ധപരിശീലനം നേടിയ പരിശീലാനാർത്ഥികൾ സർവ്വീസിലേക്ക് പ്രവേശിക്കുന്നത്, ദുരന്തമുഖങ്ങളിലും രക്ഷാപ്രവർത്തനങ്ങളിലും മുന്നിൽ നിന്ന് പ്രവർത്തിക്കുന്ന ഫയർ & റെസ്ക്യൂ സർവ്വീസിന് കൂടുതൽ കരുത്താകുമെന്നും,വർത്തമാന സാഹചര്യത്തിൽ സംസ്ഥാനത്തെ ഏറ്റവും വലിയ രക്ഷാസേന ആകാൻ അഗ്നിരക്ഷാസേനയ്ക്ക് കഴിഞ്ഞത് എന്നുള്ളത് ഏറെ അഭിമാനകരമാണെന്നും, സംസ്ഥാന സർക്കാർ സേനയുടെ ആധുനികരണത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

കേരളാ ഫയർ & റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറൽ കെ പത്മകുമാർ ഐ പി എസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഡയറക്ടർ ടെക്നിക്കൽ എം നൗഷാദ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമി ഡയറക്ടർ എം ജി രാജേഷ്, അസിസ്റ്റന്റ് ഡയറക്ടർമാരായ ജോഗി എ. എസ് , ദിലീപ് എസ് എൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. അക്കാദമി അസിസ്റ്റന്റ് ഡയറക്ടർ റെനി ലൂക്കോസ് പരിശീലനാർഥികൾക്ക് സത്യപ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു.

പ്ലസ്സ് ടു അടിസ്ഥാന യോഗ്യതയായ ഈ പരിശീലനത്തിൽ പങ്കെടുക്കുന്ന 315 ട്രയിനികളിൽ, എംടെക്ക് യോഗ്യതയുള്ള 4 പേരും എം.ബി.യെ യോഗ്യതയുള്ള 2 പേരും ബി.എഡ് യോഗ്യതയുള്ള 3 പേരും 24 മറ്റ് ബിരുദാനന്തര ബിരുദധാരികളും 51 ബി.ടെക് ബിരുദധാരികളും 158 ബിരുദധാരികളും 35 ഡിപ്ലോമക്കാരും ഐ ടി ഐ യോഗ്യതയുള്ള 8 പേരും പ്ലസ്ടു യോഗ്യതയുള്ള 17 പേരും ഉൾപ്പെടുന്നു.

ഫയർ പ്രൊട്ടക്ഷൻ, ഫയർ ഫൈറ്റിംഗ്, ഇൻഡസ്ട്രിയൽ ഫയർ സേഫ്റ്റി, മൗണ്ടയ്ൻ റെസ്ക്യൂ. വെള്ളത്തിനടിയിലെ രക്ഷാപ്രവർത്തനം, വെള്ളപ്പൊക്ക രക്ഷാപ്രവർത്തനം, സെൽഫ് റെസ്ക്യൂ.വിവിധ രാസ അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാവീണ്യം,പ്രഥമ ശുശ്രൂഷ,എന്നിവ ഉൾപ്പെടെയുള്ള 4 മാസത്തെ അടിസ്ഥാന പരിശീലനവും കൂടാതെ കമാൻഡോ പരിശീലന രീതിയിൽ പുക നിറഞ്ഞതും ഇരുട്ടുള്ളതുമായ മുറികളിലെ രക്ഷാ പ്രവർത്തനം, ശ്വസനസഹായികൾ ഉപയോഗിച്ച് ബഹുനില കെട്ടിടങ്ങൾ കയറിയുള്ള രക്ഷാപ്രവർത്തനം, ബേസിക് ലൈഫ് സപ്പോർട്ട്, യാതൊരുവിധ രക്ഷാ ഉപകരണങ്ങളും ലഭ്യമല്ലാത്ത അവസ്ഥയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ആവശ്യമായ ഇമ്പ്രവൈസ്ഡ് രക്ഷാ ഉപകരണങ്ങളുടെ നിർമ്മാണവും അവയുടെ പ്രായോഗിക പരിശീലനങ്ങളും,300 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നതാപ നിലയിലുള്ള രക്ഷാപ്രവർത്തനങ്ങൾ, തുടങ്ങി വിവിധ വിഷയങ്ങളിലെ പ്രായോഗിക പരിശീലനവും ഉൾപ്പെടുന്നതാണ് അടിസ്ഥാന പരിശീലനം. പരേഡ് കമാണ്ടർ അജിലേഷ്. ടി. എസ് ആണ് പാസ്സിങ്ങ് ഔട്ട് പരേഡ് നയിച്ചത്.

പോക്സോ കേസ്സിൽ ട്യൂഷൻ മാസ്റ്റർ അറസ്റ്റിൻ

ആളൂർ:പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥിനിയെ ശാരിരിക പീഢനത്തിനിരയാക്കിയ സംഭവത്തിൽ ട്യൂഷൻ സെന്റർ ഉടമയും വെള്ളാഞ്ചിറ സ്വദേശിയുമായ ശരത്തിനെയാണ് (28 വയസ്സ്) റൂറൽ എസ്പി നവനീത് ശർമ്മയുടെ നിർദ്ദേശപ്രകാരം ഇരിങ്ങാലക്കുട ഡി.വൈ.എസ്പി. കെ.ജി.സുരേഷിന്റെ നേതൃത്വത്തിൽ ആളൂർ ഇൻസ്പെക്ടർ കെ.എം. ബിനീഷ് അറസ്റ്റു ചെയ്തത് . കൊടകര, ആളൂർ, കൊമ്പിടിഞ്ഞാമാക്കൽ എന്നിവടങ്ങളിൽ ഇയാൾക്ക് ട്യൂഷൻ സ്ഥാപനങ്ങൾ ഉണ്ട്. പരാതി അറിഞ്ഞ ഉടനെ പോലീസ് രഹസ്യമായി മഫ്തിയിൽ ഇയാളുടെ സ്ഥാപനത്തിലെത്തി കസ്റ്റഡിയിലെടുത്തു. വിശദമായ ചോദ്യം ചെയ്യലിൽ ഇയാൾ കുറ്റം സമ്മതിച്ചതായാണ് വിവരം. ട്യൂഷൻ സ്ഥാപനത്തിൽ വന്നുള്ള പരിചയത്തിൽ ഇയാൾ പെൺകുട്ടിയുമായി ഇസ്റ്റഗ്രാം, വാട്സ്ആപ് വഴി സൗഹൃദം സ്ഥാപിച്ചു.

സ്ഥാപനത്തിൻ വച്ച് പെൺകുട്ടിയുടെ ഫോട്ടോസ് എടുത്തു ഭീഷണിപ്പെടുത്തി.2021 മുതൽ പലതവണ ശാരികമായി ഉപദ്രവിച്ച ഇയാൾ നഗ്ന ഫോട്ടോൾ പെൺകുട്ടിയുടെ സുഹൃത്തുക്കൾക്ക് അയച്ചതായും പരാതിയുണ്ട്. ഇതോടെ മാനസ്സിക സമ്മർദ്ദത്തിലായ പെൺകുട്ടി മാതാവുമൊത്ത് ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി കെ.ജി.സുരേഷിനെ സമീപിച്ചു പരാതിപ്പെട്ടു. ഉടൻ തന്നെ പ്രതിയെ കസ്റ്റഡിയിലെടുക്കകയായിരുന്നു. പ്രതിയെ റിമാന്റ് ചെയ്തു

ആളൂർ ഇൻസ്പെക്ടർ കെ.എം.ബിനീഷ്, സീനിയർ സി.പി.ഒ ഇ.എസ് ജീവൻ, പി.എ.ഡാനി, സി.പി.ഒ കെ.എസ്.ഉമേഷ് വനിത എസ്. ഐ. സൗമ്യ എ.എസ്.ഐ. മിനിമോൾ, സീമ ജയൻ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

സി.ബി.എസ്.ഇസംസ്ഥാന ടേബിൾടെനീസ് ചാമ്പ്യൻഷിപ്പ് : ദേവമാതഓവറോൾ ചാമ്പ്യന്മാർ

തൃശൂർ: ദേവമാത സി. എം.ഐ പബ്ലിക് സ്കൂളിൽ നട സംസ്ഥാന സി.ബി.എസ്. ടേബിൾടെന്നീസ് ചാമ്പ്യൻ ഷിപ്പിൽ ദേവമാത സി.എം.ഐ പബ്ലിക് സ്കൂൾ, തൃശൂർ ഓവറോൾ ചാമ്പ്യന്മാരായി. ഭാരതീയ വിദ്യാഭവൻ പെരുന്തുരുത്തി, കോഴിക്കോട് രണ്ടാം സ്ഥാനവും സെന്റ് റാഫേൽ കത്തീഡ്രൽ സ്കൂൾ, പാലക്കാട് മൂന്നാംസ്ഥാനവും നേടി. അണ്ടർ-14 ആൺകുട്ടികളുടെ വിഭാഗത്തിൽ ദേവമാത സി. എം. ഐ പബ്ലിക് സ്കൂൾ, സിൽവർ ഹിൽസ് പബ്ലിക് സ്കൂൾ, കോഴിക്കോട് എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. പെൺകുട്ടികളുടെ വിഭാഗത്തിൽ ദേവമാത സി.എം.ഐ പബ്ലിക് സ്കൂൾ ഒന്നാം സ്ഥാനവും സെന്റ് റാഫേൽ കത്തീഡ്രൽ സ്കൂൾ, പാലക്കാട് രണ്ടാം സ്ഥാനവുംനേടി. അണ്ടർ - 17 ആൺകുട്ടികളുടെവിഭാഗത്തിൽദേവമാത സി. എം.ഐ പബ്ലിക്സ്കൂൾഒന്നാം സ്ഥാനവും ഭാരതീയവിദ്യാഭവൻ പെരുന്തുരുത്തി, കോഴിക്കോട് രണ്ടാംസ്ഥാനവും നേടി. പെൺകുട്ടികളുടെവിഭാഗത്തിൽദേവമാതസി.എം.ഐ പബ്ലിക് സ്കൂൾ ഒന്നാം സ്ഥാനവും ഭാരതീയ വിദ്യാഭവൻ പെരുന്തുരുത്തി രണ്ടാം സ്ഥാനവും കരസ്ഥമാക്കി. അണ്ടർ - 19 ആൺ കുട്ടികളുടെ വിഭാഗത്തിൽ ചിന്മയ വിദ്യാലയ, കണ്ണൂർ ഒന്നാം സ്ഥാനവും ദേവമാത സി. എം.ഐ പബ്ലിക് സ്കൂൾ രണ്ടാം സ്ഥാ നവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ ദേവമാത സി.എം. ഐപബ്ലിക് സ്കൂൾ ഒന്നാം സ്ഥാന വും ഭാരതീയവിദ്യാഭവൻ വിദ്യമന്ദിർ, ഇരിഞ്ഞാലക്കുട, തൃശൂർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. തൃശൂർജില്ലടേബിൾടെനീസ് അസോസിയേഷൻ പ്രസിഡന്റ് പി.ജെ സീജോ, സി.ബി.എസ്.ഇ നിരീക്ഷകൻ കെ. രതീഷ് എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു. ദേവമാത സ്കൂൾ പ്രിൻസിപ്പാൾ ഫാ. ജോയ്സ് എലവത്തിങ്കൽ, ഫാ. ജെയിംസ്ഷെൽബി ആലപ്പാട്ട്, ദേവമാതസ്കൂൾഅക്കാഡമിക്അഡ്മിനിസ്ട്രേറ്റർ ജോഷി പി. തോമസ്, സിസ്റ്റർ ജോയ്സി കോനിക്കര എന്നിവർ പ്രസംഗിച്ചു. അധ്യാപകരായ ഒ. ടി. ലിന്റി, കെ.കെഹാരിഷ്എിവർ നേതൃത്വം നൽകി.

കലകൾ പൂർണ്ണത യിലേക്കുള്ള പ്രയാണമാണെന്ന് ലഫ്. കേണൽ എം ടി ബ്രിജേഷ്

തൃശൂർ: കലകൾ പൂർണ്ണതയിലേക്കുള്ള പ്രയാണമാണെന്ന് ലഫ്. കേണൽ എം ടി ബ്രിജേഷ് പ്രസ്താവിച്ചു. ചിന്മയ കോളേജിൽ നടക്കുന്ന എൻ.സി.സി ദശദിന ക്യാമ്പിലെ കൾച്ചറൽ മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കേണൽ. ഡപ്യൂട്ടി ക്യാമ്പ് കമാൻഡന്റ് മേജർ പി.ജെ. സ്റ്റൈജു അധ്യക്ഷത വഹിച്ച യോഗത്തിൽ ക്യാപ്റ്റൻമാരായ ശരത് ചന്ദ്രൻ, ജയ്സൺ ജേക്കബ് എന്നിവർ മുഖ്യാതിഥിതികളായിരുന്നു

അസോസിയേറ്റ്ഡ് എൻ സിസി ഓഫീസർമാരായ ഷിജി പൗലോസ് ,അദീപ് ഇ.എ,നിഖിൽ സി.ജി സുബേദാർ മേജർ ബിജോയ് റായ് എന്നിവർ ആശംസകൾ നേർന്നു . അഞ്ച് ജില്ലകളിൽ നിന്നായി 600 ഓളം കേഡറ്റുകൾ ആണ് കൾച്ചറൽ മീറ്റിൽ വിവിധ പരിപാടികൾ അവതരിപ്പിച്ചത് വിജയികളായ കേഡറ്റുകളെ കേണൽ എം ടി ബ്രിജേഷ് ഉപഹാരം നൽകി ആദരിച്ചു. ലഫ്റ്റനന്റ്മാരായ അനൂപ് എം.ആർ സ്വാഗതവും ശിവരാമ കൃഷ്ണൻ നന്ദിയും രേഖപ്പെടുത്തി. ലഫ്റ്റനന്റ് റെയ്ന യുടെ നേതൃത്വത്തിലുള്ള ഇരുപ്പത്തി അഞ്ച് അംഗ കേഡറ്റുകളാണ് മത്സരങ്ങൾ നിയന്ത്രിച്ചത്.

കൈത്തറി പരവതാനികളുടെ, ലോകത്തിലെ ഏറ്റവും വലിയ നിർമ്മാതാക്കളായ ജയ്പൂർ റഗ്സ്റഗ് ഉത്സവിന്റെ പുതിയ പതിപ്പ്

കൊച്ചി :പ്രദേശിക ഇന്ത്യയുടെ മികവിനെ ലോകത്തിന് മുന്നിൽ വിരിച്ചുകാട്ടുന്ന തരത്തിലുള്ളൊരു ഇവന്റാണിത്. ഒരു മാസം നീണ്ടു നിൽക്കുന്ന റഗ് ഉത്സവിൽ കൈത്തറി പരവതാനികളുടെയും മറ്റും വിപുലമായ ശേഖരമാണ് ഒരുക്കിയിരിക്കുന്നത്. കഴിഞ്ഞ വർഷം നടത്തിയ ഇവന്റിൽ 15 കോടി രൂപയുടെ വിൽപ്പന നേടിയെങ്കിൽ ഇത്തവണ കൂടുതൽ വ്യാപകമായ സാന്നിദ്ധ്യ വിപുലീകരണത്തിന്റെ അടിസ്ഥാനത്തിൽ കമ്പനി ലക്ഷ്യമിടുന്നത് 50 കോടി രൂപയുടെ വിറ്റുവരവാണ്. പൂനെയിലും ലണ്ടനിലും പുതിയ സ്റ്റോറുകൾ തുറന്നത് ഉൾപ്പെടെയുള്ള നേട്ടത്തോടെ 975 കോടി രൂപയുടെ വാർഷിക വരുമാനമാണ് ഇപ്പോൾ ഉള്ളത്. ഇന്ത്യയുൾപ്പെടെ 90-ഓളം രാജ്യങ്ങളിൽ കമ്പനിക്ക് ഔട്ട്ലെറ്റുകളുണ്ട്.

ഇത്തവണ കമ്പനിയുടെ ഏറ്റവും പ്രശസ്ത ഉൽപ്പന്നലൈനപ്പുകളിലൊന്നായ 'മഞ്ചാഹ' കളക്ഷനും എക്സ്ക്ലൂസീവ് ഡീലുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഔട്ട്ലെറ്റുകളിൽ നിന്നും ഓൺലൈനിലും റഗ് ഉത്സവിന്റെ ഭാഗമായ സെയിൽ ഇവന്റുകളിൽ പങ്കെടുക്കാം

ഗതാഗത നിയന്ത്രണം

തൃശൂർ:അഴീക്കോടൻ ദിനത്തോടനുബന്ധിച്ച് നാളെ ഉച്ച തിരിഞ്ഞ് 2 മണി മുതൽ തൃശ്ശൂർ നഗരത്തിലും പരിസര പ്രദേശങ്ങളിലും ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ സ്വരാജ് റൗണ്ടിലും,സമീപ റോഡുകളിലും രാവിലെ മുതൽ വാഹന പാർക്കിങ്ങ് അനുവദിക്കുന്നതല്ല എന്ന് പോലീസ് അറിയിച്ചു.

ജസ്റ്റിസ് കെ.ആർ. ശ്രീറാമിനെ മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിച്ചു

തൃശ്ശൂർ :ബോംബെ ഹൈക്കോടതിയിലെ ജസ്റ്റിസ് നിതിൻ മധുകർ ജാംദാറിനെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിച്ചു. മഹാരാഷ്ട്ര സ്വദേശിയായ അദ്ദേഹം 2012 ജനുവരി 23-നാണ് ബോംബെ ഹൈക്കോടതിയിൽ നിയമിതനായത്. പാലക്കാട് കൽപ്പാത്തി സ്വദേശിയും ബോംബെ ഹൈക്കോടതി ജഡിയുമായ ജസ്റ്റിസ് കെ.ആർ. ശ്രീറാമിനെ മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ്സായും നിയമിച്ചു

ഫാ ഡോ പോൾ തേക്കാനത്തിന്റെ പൗരോഹിത്യ ജൂബിലി അഘോഷിച്ചു

വടക്കഞ്ചേരി: കൊഴിഞ്ഞാമ്പാറ ഭാരത് മാതാ കോളേജ് പ്രിൻസിപ്പാൾ ഫാ ഡോ പോൾ തേക്കാനത്തിന്റെ പൗരോഹിത്യ സിൽവർ ജൂബിലി കണ്ടസ്സാംങ്കടവ് സെന്റ് മേരിസ് ഫൊറോന പള്ളിയിൽ അഘോഷിച്ചു. അനേകം വൈദികർ ചേർന്ന് അർപ്പിച്ച സമൂഹബലിക്ക് ശേഷം നടന്ന അനുമോദന സമ്മേളനം മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. കോയമ്പത്തൂർ പ്രേഷിത സി എം ഐ പ്രൊവിൻസ് വികാർ പ്രൊവിൻഷ്യൽ ഫാ. വിൽസൺ ചാക്കിയത്ത്, ഫൊറോന വികാരി ഫാ ജോസ് ചാലക്കൽ, ഫാ റൂപർട്ട് പാനികുളം സി എം ഐ, ജെയിംസ് മുട്ടിക്കൽ, പ്രൊഫ ടി ആർ പോൾ, സിസ്റ്റർ ഫിൽബർട്ട് എഫ് സി സി, ജോസ് ടി ലൂയിസ്, ചാക്കോ പണ്ടാരവളപ്പിൽ, ഡോ നന്ദിത ജെസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

സാമൂഹിക പ്രതിബദ്ധതയും മതേതരത്വവും ഇന്നിന്റെ ആവശ്യകത; തോമസ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട: സാമൂഹിക പ്രതിബദ്ധതയും മതേതരത്വ സ്വഭാവവും ജനങ്ങൾക്കിടയിൽ ആഴത്തിൽ വളർത്തിയെടുക്കുവാൻ സാമൂഹ്യ സേവന സംഘടനകൾ ആത്മാർത്ഥതയോടെ പ്രവർത്തിക്കണമെന്ന് മുൻ സർക്കാർ ചീഫ് വിപ് തോമസ് ഉണ്ണിയാടൻ അഭിപ്രായപ്പെട്ടു. നീഡ്സിന്റെ പതിനേഴാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വൈസ് പ്രസിഡന്റ് പ്രൊഫ. ആർ. ജയറാം അധ്യക്ഷത വഹിച്ചു.

ഭാരവാഹികളായ ഗുലാം മുഹമ്മദ്, ബോബി ജോസ്, ആശാലത, എം.എൻ.തമ്പാൻ, പി.സി.ജോർജ് എന്നിവർ പ്രസംഗിച്ചു.

ലൈലാക് ഹോട്ടൽസ് ഗുരുവായൂരിൽ; താമര ലീഷർ എക്സ്പീരിയൻസിന്റെ കേരളത്തിലെ മൂന്നാം പ്രോപ്പർട്ടി

ഗുരുവായൂർ: താമര ലീഷർ എക്സ്പീരിയൻസിന് കീഴിലുള്ള ലൈലാക് ഹോട്ടൽ ഗുരുവായൂരിന്റെ ഔദ്യോഗിക ഉദ്ഘാടനം സെപ്തംബർ 21ന് നടന്നു. കേരളത്തിൽ ലൈലാക് ഹോട്ടൽസിന്റെ ആദ്യത്തെ ഹോട്ടലും താമര ലീഷർ എക്സ്പീരിയൻസിന്റെ മൂന്നാമത്തെ പ്രോപ്പർട്ടിയുമാണിത്. ഗുരുവായൂർ ക്ഷേത്രത്തിന്റെ തെക്കേ നടയിൽ നിന്നും 550 മീറ്റർ ദൂരത്തിലാണ് ലൈലാക് ഹോട്ടൽ സ്ഥിതി ചെയ്യുന്നത്. സ്പിരിചൽ ടൂറിസം സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് ക്ഷേത്രദർശനത്തിനായി എത്തുന്ന വിശ്വാസികൾക്ക് എല്ലാവിധ സൗകര്യങ്ങളും ഉറപ്പു നൽകുക എന്ന ലക്ഷ്യത്തോടെയാണ് ലൈലാക് ഗുരുവായൂർ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്.

സംസ്ഥാന തദേശസ്വയം ഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ലൈലാക് ഹോട്ടൽ ഗുരുവായൂരിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ഗുരുവായൂർ നിയോജക മണ്ഡലം എം. എൽ. എ എൻ.കെ.അക്ബർ, ഗുരുവായൂർ മുനിസിപ്പാലിറ്റി ചെയർമാൻ എം.കൃഷ്ണദാസ്, ഗുരുവായൂർ ദേവസ്വം ചെയർമാൻ ഡോ. വി.കെ.വിജയൻ, വാർഡ് കൗൺസിലർ ശോഭ ഹരിനാരായണൻ തുടങ്ങിയവരും പങ്കെടുത്തു.

സ്പിരിചൽ ടൂറിസം രംഗത്ത് കൂടുതൽ വളരുവാനുള്ള താമരയുടെ ദീർഘകാല വീക്ഷണത്തിന്റെ ഭാഗമാണ് ലൈലാക് ഹോട്ടൽസ് ഗുരുവായൂർ. രാജ്യത്തിനകത്തും പുറത്തുമായി വളരുന്നതിനോടൊപ്പം കേരളത്തിലും തങ്ങളുടെ സാന്നിധ്യം ഉറപ്പാക്കുവാനുള്ള പ്രതിബദ്ധത തങ്ങൾക്കുണ്ട്.- ഉദ്ഘാടനച്ചടങ്ങിൽ പുതിയ ഹോട്ടലിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് താമര ലീഷർ എക്സ്പീരിയൻസസിന്റെ സിഇഒ യും ഡയറക്ടറുമായ ശ്രുതി ഷിബുലാൽ പറഞ്ഞു. ഗുരുവായൂരിലെ വളർന്നുവരുന്ന വെഡ്ഡിംഗ് ടൂറിസം മേഖലയെക്കുറിച്ചും ശ്രുതി ഷിബുലാൽ കൂട്ടിച്ചേർത്തു. സെപ്തംബർ ആദ്യവാരത്തിൽ ഒറ്റ ദിവസം മാത്രം ഗുരുവായൂർ ക്ഷേത്രത്തിൽ നടന്ന വിവാഹങ്ങളുടെ എണ്ണം 334 ആണ്. സമാനതകളില്ലാത്ത സേവനങ്ങളും സൗകര്യങ്ങളും ഉറപ്പുനൽകിക്കൊണ്ട്, ഓരോ വിവാഹാനുഭവങ്ങളും അവിസ്മരണീയമാക്കുവാൻ ഈ മാറ്റത്തിനൊപ്പം തങ്ങൾ ചേർന്നുനിൽക്കുമെന്നും അവർ വ്യക്തമാക്കി.

വേളാങ്കണ്ണിയിൽ പുതിയ പ്രൊജക്ട് ആരംഭിച്ചുകൊണ്ട് തമിഴ്നാട്ടിലെ തങ്ങളുടെ സാന്നിധ്യം വികസിപ്പിക്കുവാനൊരുങ്ങുകയാണ് താമര ലീഷർ എക്സ്പീരിയൻസസ്. കേരളത്തിൽ കണ്ണൂരും ആലപ്പുഴയിലും വൈകാതെ ഹോട്ടലുകൾ ആരംഭിക്കും. ബീഹാർ ബോധഗയയിൽ ഹോട്ടൽ ആരംഭിച്ചുകൊണ്ട് നോർത്ത് ഇന്ത്യയിലേക്കും തങ്ങളുടെ ശൃംഖല വ്യാപിപ്പിക്കുവാൻ തയ്യാറെടുക്കുകയാണ് താമര ലീഷർ എക്സ്പീരിയൻസസ്.

ഭിന്നശേഷി കുട്ടികളുടെ പരീശീലനത്തിനായി നിപ്മറിൽ സ്കേറ്റിങ് ട്രാക്ക്

ഇരിങ്ങാലക്കുട: ഭിന്നശേഷി കുട്ടികൾക്ക് പരീശീലനത്തിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ (നിപ്മർ) സ്കേറ്റിങ് ട്രാക്ക് ഒരുങ്ങി. കേരള സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 8.89ലക്ഷം രൂപ ചെലവഴിച്ചാണ് നിപ്മറിൽ സ്കേറ്റിങ് ട്രാക്ക് ഒരുക്കിയിട്ടുള്ളത്. ഭിന്നശേഷി കുട്ടികൾക്ക് അപകടരഹിതമായി ഉപയോഗിക്കാൻ തക്ക വിധത്തിലുള്ള ട്രാക്കാണ് ഒരുക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പു മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 19.53 രൂപ ചെലവഴിച്ച് നിർമിക്കുന്ന എഡിഎച്ച്ഡി ക്ലിനിക്ക്, 4.85രൂപ ചെലവഴിച്ചു നടപ്പാക്കുന്ന പദ്ധതിയായ ഫീഡിങ് ഡിസോഡർ ക്ലിനിക്ക് എന്നീ പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

സെപ്റ്റംബർ 24ന് ഉച്ചയ്ക്ക് 12 മണിക്ക് നടക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് അധ്യക്ഷത വഹിക്കും. സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത്കുമാർ ഐഎഎസ് മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് അംഗം പി.കെ. ഡേവിസ് എംവോക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തും.

മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രേഖ ഷാന്റി ജോസഫ്, ആളൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. ജോജോ, കെഎസ്എസ്എം അസി.ഡയരക്റ്റർ കെ. സന്തോഷ് ജേക്കബ്, മാള ബ്ലോക്ക് പഞ്ചായത്ത് അംഗം സന്ധ്യനൈസൻ, വാർഡ് മെമ്പർ മേരി ഐസക് എന്നിവർ ആശംസകൾ അർപ്പിക്കും. നിപ്മർ എക്സിക്യൂട്ടീവ് ഡയരക്റ്റർ സി. ചന്ദ്രബാബു സ്വാഗതവും ഡയറ്റീഷൻ ആൻഡ് റിസർച്ച് കോഡിനേറ്റർ ആർ. മധുമിത നന്ദിയും ആശംസിക്കും.

കേരള ക്ഷേത്ര കലാ സംഘം സംസ്ഥാന നേതൃയോഗം

പ്രസിഡണ്ട് ജന. സെക്രട്ടറി

ഗുരുവായൂർ : ക്ഷേത്ര കലാകാരന്മാരുടെ സംഘടനയായ കേരളാ ക്ഷേത്ര കലാ സംഘം പുതിയ ഭാരവാഹികളെ നിശ്ചയിച്ചു. ഗുരുവായൂർ കോട്ടപ്പടിയിൽ വെച്ച് നടന്ന ആദ്യ യോഗത്തിൽ വെച്ച് സംസ്ഥാന പ്രസിഡണ്ടായി ഡോക്ടർ ദിനേശ് കർത്തയെയും സംസ്ഥാന ജനറൽ സെക്രട്ടറിയായി കലാശ്രീ കലാമണ്ഡലം വാസുദേവനെയും ട്രഷററായി കേ ജീ ഹരിദാസിനെയും ജോയിന്റ് സെക്രട്ടറിയായി ചന്ദ്രൻ മാസ്റ്ററെയും വൈസ് പ്രസിഡന്റായി തൃപ്രങ്ങോട് പരമേശ്വര മാരാരെയും രക്ഷാധികാരിയായി കലാമണ്ഡലം പരമേശ്വരനേയും സോഷ്യൽ മീഡിയ സെൽ കോഓർഡിനേറ്റർ ആയി സന്തോഷ് എം ഡിയെയും തിരഞ്ഞെടുത്തു. ആർ ഗീതദേവി തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിച്ചു.

സംസ്ഥാന പ്രസിഡന്റ് ഡോ.ദിനേശ് കർത്ത അദ്ധ്യക്ഷം വഹിച്ച യോഗം തൃപ്രങ്ങോട് പരമേശ്വര മാരാർ ഉല്ഘാടനം ചെയ്തു.

അനീഷ് നമ്പീശൻ, കേ ജി ഹരിദാസ്, കെ ജി ഉണ്ണികൃഷ്ണൻ, ശ്രീദേവി കെ എസ്, നിസരി വാസുദേവൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

ക്ഷേത്ര കലാ അക്കാദമി പുരസ്കാരം നേടിയ കലാമണ്ഡലം പരമേശ്വര മാരാരെ സംസ്ഥാന പ്രസിഡന്റ് ഡോ.ദിനേശ് കർത്ത പൊന്നാട അണിയിച്ച് ആദരിച്ചു. മായ കൃഷ്ണമൂർത്തി, കവിയൂർ പൊന്നമ്മ, കലാമണ്ഡലം ഗീതാനന്